ശബരിമല മാസ്റ്റർ പ്ലാനിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും അംഗീകാരവും

217(425) ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർപ്ലാൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട് ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിൽനിന്നും എന്തൊക്കെ അനുമതികളാണ് ലഭിക്കാനുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയും അംഗീകാരവും നേടുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) ശബരിമല മാസ്റ്റർപ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള അനേകം പദ്ധതി നിർദ്ദേശങ്ങൾക്കനുസരിച്ച് ഓരോ പ്രദേശത്തെയും വികസനം ലക്ഷ്യമാക്കി ലേഔട്ട് പ്ലാനുകളും പ്രവർത്തനമേഖലകളും തയ്യാറാക്കേണ്ടതുണ്ട്. അവയുടെ സാധ്യതാപഠനം, ഡിസൈൻ എന്നിവ തയ്യാറാക്കി ടെൻഡർ നടപടി മുഖേനയോ ബോർഡ് നേരിട്ടോ പദ്ധതികൾ നടപ്പിലാക്കണം. 3 വാല്യങ്ങളിലായി 2050 വർഷം വരെയുള്ള ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികൾ മാസ്റ്റർപ്ലാനിലുണ്ട്. ഉദ്ദേശം 500 കോടി രൂപ സമാഹരിക്കേണ്ടതുണ്ട്. ഹൈക്കോടതി നിയമിച്ചിട്ടുള്ള ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരം ഫണ്ട് സ്വരൂപിക്കുന്നതിനായി ഒരു "ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ട്രസ്റ്റ് ബോർഡ്" രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് സ്പോൺസർമാരെയും ഡോണർമാരെയും കണ്ടെത്തുന്നതിനായി പ്രയത്നിച്ചു വരുന്നു. പരസ്പര പൂരകങ്ങളായ അനുബന്ധ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി സ്പോൺസർമാർ മുഖേനയും ബോർഡ് നേരിട്ടും നടപ്പിലാക്കി വരുന്നുണ്ട്.

(ബി&സി) റോപ്പ് വേ നിർമ്മാണം സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. ഇത് സംബന്ധിച്ച് മേൽ നടപടികൾ ദേവസ്വം ബോർഡ് സ്വീകരിച്ചു വരുന്നു. പ്രത്യേക അനുമതി ആവശ്യമില്ലാതെ പ്രവർത്തനങ്ങൾ തുടരാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനം

218(426) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ക്യൂ കോംപ്ലക്സ്, റോപ്പ്വേ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആഗോളാടിസ്ഥാനത്തിൽ ടെണ്ടർ നൽകണമെന്ന നിർദ്ദേശം പരിഗണിച്ചിരുന്നുവോ ;

(സി) എങ്കിൽ ഇതിനായി കേന്ദ്രാനുമതി ലഭിക്കുകയുണ്ടായോ ;

(ഡി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ–ഡി) ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന്റെ ഡിസൈൻവർക്ക് തയ്യാറാക്കുന്നതിന് M/s ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 15 ലക്ഷം രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. 500 പേരെ ഉൾക്കൊള്ളിക്കുന്ന 1 യൂണിറ്റിന്റെ നിർമ്മാണ ചെലവ് ഒരു കോടി രൂപയോളം വരുമെന്ന് കണ്ട് അത് ലഘൂകരിക്കുന്നവിധമുള്ള ഡിസൈൻ ഹൈപവർ കമ്മിറ്റിയുടെ ടെക്നിക്കൽ അംഗങ്ങളുമായി ചർച്ച ചെയ്ത് തയ്യാർ ചെയ്യുന്നതിന് 15-12-2010-ന് കൂടിയ ഉന്നതാധികാര സമിതി യോഗം കൺസൾട്ടൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോപ്പ് വേ നിർമ്മാണത്തിനുള്ള ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കരാർ 22 ലക്ഷം രൂപയ്ക്ക് M/s റൈറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്പോൺസർമാരെ ലഭിക്കാൻ ശ്രമിക്കുന്നുണ്ട്. അടുത്ത ഹൈപവർ കമ്മിറ്റിയിൽ വച്ച ശേഷം സ്പോൺസർമാർ മുഖേനയോ ബോർഡ് നേരിട്ടോ പദ്ധതി നടപ്പിലാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളെപ്പറ്റി അതിനുശേഷം തീരുമാനിക്കുന്നതാണ്.

ശബരിമലയിൽ മണ്ഡല-മകരവിളക്കുകാലത്ത് അയ്യപ്പഭക്തർക്കായി ദേവസ്വം വകുപ്പ് ഒരുക്കിയ സൗകര്യങ്ങൾ

219(427) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഇക്കഴിഞ്ഞ മണ്ഡല-മകരവിളക്കുകാലത്ത് അയ്യപ്പഭക്തർക്കായി ദേവസ്വം വകുപ്പ് ഒരുക്കിയ സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly